## പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 291 10/06/2013-ൽ മറുപടിക്ക്

### അട്ടപ്പാടിയിലെ ദരിദ്ര കുടുംബങ്ങളുടെ റേഷൻകാർഡ് ബി.പി.എൽ ആക്കുവാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും. കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ) | അട്ടപ്പാടി ആദിവാസി മേഖലയിൽ വർദ്ധിച്ചുവരുന്ന ശിശുമരണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ | ഉണ്ട്. |
| ബി | മതിയായ ഭക്ഷണം ലഭിക്കാതെയും പോഷകാഹാരക്കുറവുമൂലവും നടക്കുന്ന ഇത്തരം മരണങ്ങൾ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചു; | ബി | അട്ടപ്പാടിയിലെ എല്ലാ കുടുംബങ്ങൾക്കും 10 കിലോ അരിയും, 2 കിലോ പയറും വിതരണം ചെയ്തിട്ടുണ്ട്. അടുത്ത നാലു മാസത്തേക്ക് പ്രതിമാസം 10 കിലോ വീതം റാഗി, 2 കിലോ വീതം ചെറുപയർ/ കടല/തുവര നൽകുന്നതിന് നടപടി സ്വീകരിച്ചു.<br><br>ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ട ഉടൻ ജൂനിയർ പഞ്ചായത്ത് ഹെൽത്ത് നേഴ്സമാർ, പട്ടികവർഗ്ഗ പ്രൊമോട്ടർമാർ, ആശാ വർക്കർമാർ, അംഗൻവാടി വർക്കർമാർ എന്നിവർ ചേർന്ന് എല്ലാ ഊരുകളും സന്ദർശിച്ച് വിളർച്ചയും പോഷകാഹാരക്കുറവുമുള്ള രോഗികളെ കണ്ടെത്തി കോട്ടത്തറ ട്രൈബൽ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയിൽ ഒരു വിശദമായ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുകയുണ്ടായി. കൂടാതെ, ഊരുകളിലെത്തി ചികിത്സ ആവശ്യമുള്ളവരെ ആശുപത്രിയിൽ പ്രവേശിപ്പിച്ച് ചികിത്സ നൽകുകയുണ്ടായി. സെറ്റിൽമെന്റുകളിൽ മൊബൈൽ യൂണിറ്റുകൾ മുഖേന തുടർ മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി | 2013 ജനുവരി 1 മുതൽ ഇന്നുവരെ 40 വയസിന് താഴെയുള്ളവരുടെ എത്ര മരണങ്ങൾ അട്ടപ്പാടിയിൽ ഉണ്ടായിട്ടുണ്ട്; ഇതിൽ 15 വയസ്സിന് താഴെയുള്ള എത്ര കുട്ടികൾ ഉണ്ട്; | സി | വിവരം ശേഖരിച്ച നൽകുന്നതാണ് |
| ഡി | പൂർണ്ണ ദാരിദ്ര്യം അനുഭവിക്കുന്ന അട്ടപ്പാടിയിലെ 3000 ത്തോളം കുടുംബങ്ങൾക്ക് ഇപ്പോഴും എ.പി.എൽ റേഷൻകാർഡുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഡി | പട്ടികവർഗ്ഗക്കാർക്കിടയിൽ സർക്കാർ ഉദ്യോഗവും സ്ഥിരവരുമാനവുമുള്ള കുടുംബങ്ങളുടേതൊഴികെ മറ്റ് കാർഡുകൾ മുഴുവൻ ബി.പി.എൽ ആക്കി മാറ്റിയിട്ടുണ്ട്. |
| ഇ | ഇതുമൂലം ആവശ്യത്തിന് ഭക്ഷ്യധാന്യം ലഭിക്കാത്തത് പട്ടിണിയിലേക്ക് അവരെ നയിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഇ | ഇല്ല |
| എഫ് | എങ്കിൽ ഈ കാർഡുകൾ ബി.പി.എൽ. ആക്കി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | എഫ് | അർഹരായ എല്ലാ പട്ടികവർഗ്ഗക്കാരുടെ റേഷൻകാർഡും ബി.പി.എൽ. ആക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**